


# 1 ശിലായുഗത്തിൽ നിന്ന് മുന്നോട്ട്



മനുഷ്യരും മറ്റുജീവികളും
തമ്മിലുള്ള പ്രധാന വ്യത്യാസം
മനുഷ്യരുടെ ബുദ്ധിശക്തിയാണെന്ന്
കഴിഞ്ഞ കത്തിൽകണ്ടുവല്ലോ.
ബുദ്ധിശക്തി ഇല്ലായിരുന്നുവെങ്കിൽ
വലിയ കാട്ടുജന്തുക്കൾ മനുഷ്യരെ
നശിപ്പിച്ചുകളയുമായിരുന്നു...
ആദിമമനുഷ്യർക്ക് തന്റെ ശത്രുക്ക
ളോടു പൊരുതാൻ പ്രത്യേകം
ആയുധങ്ങളുണ്ടായിരുന്നില്ല.
അവയുടെ നേരെ കല്ലെറിയാൻ
മാത്രമേ അവർക്ക്
കഴിയുമായിരുന്നുള്ളൂ. പിന്നെ അവർ
കല്ലുകൊണ്ട് മഴു, കുന്തം എന്നിവ
പോലുള്ള ഉപകരണങ്ങളും
കൽസൂചികളും ഉണ്ടാക്കാൻ പഠിച്ചു.
ഇത്തരത്തിലുള്ള അനേകം ശിലാ
യുധങ്ങൾ സൗത്ത് കെൻസിങ്ടൺ
(ലണ്ടൻ) കാഴ്ചബംഗ്ലാവിലും ജനീവ
യിലെ കാഴ്ചബംഗ്ലാവിലും കാണുക
യുണ്ടായല്ലോ.

ജവഹർലാൽ നെഹ്റുവിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന കൃതിയിൽ നിന്നുള്ള ഭാഗമാണ് നിങ്ങൾ മുകളിൽ വായിച്ചത്. ആദിമമനുഷ്യരുടെ ജീവിതത്തെക്കുറിച്ചാണ് ഈ കത്തിൽ സൂചന നൽകുന്നത്.

കാട്ടുജന്തുക്കളിൽ നിന്ന് രക്ഷനേടാൻ മനുഷ്യർ ഏതുതരം ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു എന്നാണ് അദ്ദേഹം ഇവിടെ പറയുന്നത്?


- കല്ലുകൊണ്ടുള്ള മഴു
- 
- 

ഇത്തരം ഉപകരണങ്ങൾ അക്കാലത്തെ മനുഷ്യർ എന്തൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ടാകും?

- മൃഗങ്ങളിൽ നിന്ന് രക്ഷനേടാൻ
- വേട്ടയാടാൻ
- 

മേല്പറഞ്ഞ ആവശ്യങ്ങൾക്കായി മനുഷ്യർ നിർമ്മിച്ച ഉപകരണങ്ങൾ തുടക്കത്തിൽ ശിലകൾകൊണ്ടുള്ളവയായിരുന്നു. പിൽക്കാലത്ത് ശിലയുടെ സ്ഥാനത്ത് ലോഹങ്ങൾ കടന്നുവന്നു.

മനുഷ്യർ ഉപകരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ച വസ്തുക്കളുടെ അടിസ്ഥാനത്തിൽ പുരാവസ്തുഗവേഷകർ മാനവചരിത്രത്തെ വിവിധ കാലഘട്ടങ്ങളായി തിരിക്കുന്നു.




## ശിലായുഗം (Stone Age)

മാനവചരിത്രത്തിന്റെ ആദ്യഘട്ടത്തെ ശിലായുഗമെന്ന് വിളിച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അക്കാലത്ത് മനുഷ്യർ ഉപകരണങ്ങളും ആയുധങ്ങളും പ്രധാനമായും നിർമ്മിച്ചിരുന്നത് കല്ലുകൊണ്ടാണ്. അതിനാൽ ചരിത്രകാരർ ആദ്യഘട്ടത്തെ ശിലായുഗം എന്ന് വിശേഷിപ്പിക്കുന്നു. കല്ലുകൾകൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണരീതിയെ അടിസ്ഥാനമാക്കി ശിലായുഗത്തെ പ്രാചീനശിലായുഗം, മധ്യശിലായുഗം, നവീനശിലായുഗം എന്നിങ്ങനെ മൂന്നായി തിരിക്കുന്നു.

ഇവ ഓരോന്നിന്റെയും സവിശേഷതകൾ നോക്കാം.

## പ്രാചീനശിലായുഗം (Palaeolithic Age)

പരുക്കൻ ശിലാ ഉപകരണങ്ങളാണ് പ്രാചീനശിലായുഗ കാലഘട്ടത്തിലെ ഉപകരണങ്ങളുടെ പ്രധാനസവിശേഷത. 'പാലിയോസ്' (പ്രാചീനം), 'ലിത്തോസ്' (ശില) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'പാലിയോലിത്തിക്' എന്ന പദം രൂപംകൊണ്ടത്.

ആദിമമനുഷ്യരുടെ ജീവനോപാധികളുമായി ബന്ധമുള്ളതാണ് ഉപകരണങ്ങളുടെ നിർമ്മാണം. ഉപകരണങ്ങളുടെ ഉപയോഗത്തിൽ മൂന്നു പ്രധാന ഘട്ടങ്ങൾ ഉണ്ടായിരുന്നതായി പുരാവസ്തുഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. അവ ചുവടെ നൽകുന്നു.

| | |
|---|---|
| പ്രയോജനപ്പെടുത്തൽ (Utilization) | ലഭ്യമായ കല്ലുകളെ രൂപമാറ്റം വരുത്താതെ തന്നെ ഉപയോഗിക്കുന്ന രീതി |
| രൂപമാറ്റം വരുത്തൽ (Fashioning) | ലഭ്യമായ കല്ലുകളെ ആവശ്യാനുസരണം രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന രീതി |
| ക്രമവൽക്കരണം (Standardization) | ഓരോ ആവശ്യത്തിനും പ്രത്യേകതരം ഉപകരണങ്ങൾ നിർമ്മിക്കുന്ന രീതി |


പ്രാചീനശിലായുഗത്തിലെ വിവിധഘട്ടങ്ങളിൽ ആദിമമനുഷ്യർ ഉപയോഗിച്ച വ്യത്യസ്ത ഉപകരണങ്ങളുടെ ചിത്രങ്ങളാണ് ചുവടെ തന്നിരിക്കുന്നത്. അവ നിരീക്ഷിച്ച് ഈ ഉപകരണങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.



ഉരുളൻ കല്ലുപകരണങ്ങൾ (Pebble tools) ദ്വിമുഖ മാതൃശിലാഉപകരണങ്ങൾ (Biface core tools) കൽച്ചീളുപകരണങ്ങൾ (Flake tools)

## മാതൃശിലകളും കൽച്ചീളുകളും (Core and Flakes)

ഒരു കഷണം കല്ലിനെ രണ്ടോ അതിലധികമോ കഷണങ്ങളായി പൊട്ടിക്കുമ്പോൾ അതിൽ ഏറ്റവും വലിയ കഷണത്തെ മാതൃശില (Core) എന്നും ചെറിയ കഷണങ്ങളെ കൽച്ചീളുകളെന്നും (flakes) വിളിക്കുന്നു. മാതൃശില കൊണ്ട് നിർമ്മിക്കുന്നവയെ മാതൃശിലാ ഉപകരണങ്ങൾ എന്നും കൽച്ചീളുകൾകൊണ്ട് നിർമ്മിക്കുന്നവയെ കൽച്ചീളുപകരണങ്ങൾ എന്നും വിളിക്കുന്നു.







വെട്ടിമുറിക്കാനുള്ള കല്ലുപകരണങ്ങൾ (Chopper-Chopping tools)

ബ്ലേഡ് സാങ്കേതിക രീതിയിൽ നിർമ്മിച്ച ശിലാ ഉപകരണങ്ങൾ

പ്രാചീനശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ ശിലകൾ കൊണ്ട് നിർമ്മിച്ച ഉപകരണങ്ങൾക്ക് പുറമെ അസ്ഥികൾ കൊണ്ട് നിർമ്മിച്ച ഉപകരണങ്ങളും മനുഷ്യർ ഉപയോഗിച്ചിരുന്നു. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക.



ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾക്ക് നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഉപകരണവുമായി സാമ്യമുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് എഴുതുക.

- 
- 
- 

പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളുടെ നിർമ്മാണവും സാങ്കേതികവളർച്ചയും എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.


ഷോവെ, ഫ്രാൻസ്


ലാസ്കോ, ഫ്രാൻസ്


ആനക്കൊമ്പിൽ നിർമ്മിച്ച ശില്പം സറയ്സ്ക്, റഷ്യ


കുസ്സാക് (ഫ്രാൻസ്) ഗുഹയിലെ കോറിയിട്ട ചിത്രങ്ങൾ


സ്പെയിനിലെ ലാ ഗർമ ഗുഹകളിൽ നിന്നും കണ്ടെത്തിയ അസ്ഥികളിലെ കൊത്തുപണികൾ

പ്രാചീനമനുഷ്യരുടെ കലാസൃഷ്ടികളുടെ ചിത്രങ്ങളാണ് മുകളിൽ തന്നിരിക്കുന്നത്. ഈ ചിത്രങ്ങളിൽ നിന്ന് നിങ്ങൾക്ക് എന്തെല്ലാം മനസ്സിലാക്കാൻ കഴിയുന്നു. ലളിതമായ ഒഴുക്കൻവരകൾ, കോറിയിട്ട ചിത്രങ്ങൾ, ശില്പങ്ങൾ തുടങ്ങി വിവിധ മാർഗങ്ങൾ പ്രാചീന ശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്നതായി ഈ ചിത്രങ്ങളിൽ നിന്നും മനസിലാക്കാൻ കഴിയും. മൃഗങ്ങളുടെ ചിത്രീകരണം (ഷോവെ, ലാസ്കോ ഗുഹകൾ), മൃഗത്തിന്റെയും സ്ത്രീയുടെയും കോറിയിട്ട രൂപം (കുസ്സാക് ഗുഹ) വീനസ് പ്രതിമ (സറയ്സ്ക്, റഷ്യ) എന്നിവ അനുഷ്ഠാനവുമായോ വിശ്വാസവുമായോ ബന്ധമുള്ളതായി പുരാവസ്തുഗവേഷകർ അഭിപ്രായപ്പെടുന്നു. സ്പെയിനിലെ ലാ ഗർമ ഗുഹയിൽ നിന്ന് കണ്ടെത്തിയ അസ്ഥികളിലെ കൊത്തുപണികൾ അക്കാലത്തെ മനുഷ്യരുടെ കലാവൈദഗ്ധ്യത്തിന് തെളിവാണ്.

ഗുഹാചിത്രങ്ങൾ വരയ്ക്കുന്നതിന് വിവിധതരം നിറങ്ങൾ ഉപയോഗിച്ചിരുന്നു. ചെടികൾ, മരത്തിന്റെ തോല്, കായ്കൾ എന്നിവ അരച്ച് ചെങ്കൽപ്പൊടി ചേർത്താണ് നിറങ്ങൾ ഉണ്ടാക്കിയിരുന്നത്. സൂര്യപ്രകാശം എത്താൻ കഴിയാത്ത ഗുഹയുടെ ഉൾഭിത്തികളിലാണ് ചിത്രങ്ങൾ വരച്ചിരുന്നത്. കൽസൂചികളും മുനയുള്ള ആയുധങ്ങളും ഉപയോഗിച്ചാണ് ഇത്തരം ചിത്രങ്ങൾ അവർ വരച്ചിരുന്നത്. ഗുഹകളിലെ മേൽഭിത്തികളിലും ചിത്രങ്ങൾ വരച്ചിരുന്നതായി കാണാൻ കഴിയും. പ്രാചീനമനുഷ്യർ ആർജിച്ച വൈജ്ഞാനിക വികാസത്തിന്റെയും സാങ്കേതികവൈദഗ്ധ്യത്തിന്റെയും തെളിവായി ഇത്തരം ചിത്രങ്ങളും ശില്പങ്ങളും കണക്കാക്കപ്പെടുന്നു.


പ്രാചീനശിലായുഗ കാലത്തെ ഉപകരണങ്ങൾ, കലകൾ എന്നിവയിൽ നിന്നും മനുഷ്യരുടെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നതെന്ന് നോക്കാം.

**പ്രാചീന ശിലായുഗം**

- പരുക്കൻ കല്ലുപകരണങ്ങൾ ഉപയോഗിച്ചിരുന്നു
- ഗുഹകളിലും തുറസ്സായ സ്ഥലങ്ങളിലും വസിച്ചിരുന്നു
- വേട്ടയാടൽ, ശേഖരണം എന്നിവ ആയിരുന്നു ഉപജീവനമാർഗങ്ങൾ
- ബാൻഡുകൾ (പറ്റങ്ങൾ) ആയിരുന്നു സമൂഹത്തിന്റെ അടിസ്ഥാനഘടകം
- പുരുഷന്മാർ വേട്ടയാടലിലും സ്ത്രീകൾ ശേഖരണത്തിലും ഏർപ്പെട്ടിരുന്നു
- ഭക്ഷണം സംഭരിച്ചു വച്ചിരുന്നില്ല
- നാടോടി ജീവിതമാണ് നിലനിന്നിരുന്നത്

**ബാൻഡുകൾ**

നൂറിൽ താഴെ അംഗങ്ങൾ ഉൾപ്പെടുന്ന ചെറുസമൂഹങ്ങളാണ് ബാൻഡുകൾ (പറ്റങ്ങൾ). രക്ത ബന്ധമാണ് ബാൻഡിലെ അംഗങ്ങളെ പരസ്പരം ബന്ധിപ്പിച്ചിരുന്നത്.




ലോകഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാചീനശിലായുഗ കേന്ദ്രങ്ങളുടെ സവിശേഷതകൾ രേഖപ്പെടുത്തുക.

## മധ്യശിലായുഗം (Mesolithic Age)

പ്രാചീനശിലായുഗത്തിൽ നിന്നും നവീനശിലായുഗത്തിലേക്കുള്ള പരിവർത്തനത്തിന്റെ ഘട്ടമാണ് മധ്യശിലായുഗം. 'മെസോസ്'(മധ്യം), 'ലിത്തോസ്'(ശില) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'മെസോലിത്തിക്' എന്ന പദം ഉടലെടുത്തത്.



മധ്യശിലായുഗത്തിലെ ഉപകരണങ്ങൾ


നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക. പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളും ചിത്രത്തിൽ കാണുന്ന മധ്യശിലായുഗത്തിലെ ഉപകരണങ്ങളും തമ്മിലുള്ള വ്യത്യാസം നമുക്ക് പരിശോധിക്കാം.


- പ്രാചീനശിലായുഗത്തിൽ ഉപയോഗിച്ചിരുന്നവയേക്കാൾ ചെറിയ ഉപകരണങ്ങളാണ് ഇവ.
- മൈക്രോലിത്തുകൾ (Microliths) അഥവാ സൂക്ഷ്മശിലകൾ എന്ന് വിളിക്കുന്ന കല്ലുപകരണങ്ങൾ ഉപയോഗിച്ചിരുന്ന കാലമാണിത്.


ആദിമമനുഷ്യരുടെ ആശയവിനിമയത്തിന്റെ വികാസം പ്രാചീനശിലായുഗത്തിന്റെ അവസാനഘട്ടങ്ങളിലാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ

ഇന്ത്യയിൽ പ്രധാനമായും ഈ വികാസം നമുക്ക് കാണാൻ കഴിയുന്നത് മധ്യശിലായുഗത്തിലാണ്. മധ്യപ്രദേശിലെ ഭിംബേഡ്ക, ലഖ്ജാവോർ, കഥോട്ടിയ എന്നീ ഗുഹാകേന്ദ്രങ്ങളിലെ കലാസൃഷ്ടികൾ ആദിമമനുഷ്യന്റെ ജീവിതരീതികൾ മനസ്സിലാക്കാൻ സഹായിക്കുന്നുണ്ട്.


ഭിംബേഡ്ക


ലഖ്ജാവോർ


കഥോട്ടിയ


ലഖ്ജാവോർ


ഭിംബേഡ്ക


ലഖ്ജാവോർ

ചിത്രങ്ങൾ നിരീക്ഷിച്ച് അവ പ്രാചീനമനുഷ്യന്റെ ഏതെല്ലാം ജീവിതരംഗങ്ങളെയാണ് ചിത്രീകരിച്ചിരിക്കുന്നതെന്ന് പട്ടികപ്പെടുത്തുക.

- വേട്ടയാടൽ
- 
- 
- 
- 
- 


ഈ ചിത്രത്തിൽനിന്ന് മധ്യശിലായുഗത്തിലെ മനുഷ്യരുടെ ജീവിതരീതികളെപ്പറ്റി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ ചുവടെ നൽകുന്നു.

- മൈക്രോലിത്തുകൾ അഥവാ സൂക്ഷ്മശിലായുധങ്ങളുടെ ഉപയോഗം
- വേട്ടയാടലിനും ശേഖരണത്തിനും പുറമെ മീൻപിടുത്തവും ഉപജീവന മാർഗമാക്കി.
- മൃഗങ്ങളെ ഇണക്കിവളർത്തലിന്റെ സൂചനകൾ
- വിനോദങ്ങൾ
- ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം

| മധ്യശിലായുഗകേന്ദ്രങ്ങൾ | |
|---|---|
| സ്റ്റാർകാർ<br>ഫാഹിയാൻ ഗുഹ<br>സരൈനഹർറായ് | ഇംഗ്ലണ്ട്<br>ശ്രീലങ്ക<br>ഇന്ത്യ (ഉത്തർപ്രദേശ്) |

## സ്റ്റാർകാർ : യൂറോപ്പിലെ മധ്യശിലായുഗകേന്ദ്രം

വടക്കുകിഴക്കൻ ഇംഗ്ലണ്ടിൽ കണ്ടെത്തിയ മധ്യശിലായുഗത്തിലെ ഒരു തുറസ്സായ അധിവാസ കേന്ദ്രമാണിത്. ജൈവ അവശിഷ്ടങ്ങളുടെ സാന്നിധ്യമാണ് ഈ കേന്ദ്രത്തിന്റെ പ്രധാന സവിശേഷത. ശിലകൾ കൊണ്ടും അസ്ഥികൾ കൊണ്ടും നിർമ്മിച്ച ഉപകരണങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യകാല മരപ്പണിയുടെ തെളിവുകളും ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ട്. ആദിമ മനുഷ്യർ ഈ പ്രദേശത്തെ താൽക്കാലിക വാസസ്ഥലമായി ഉപയോഗിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു.



### സരൈനഹർറായ് : ഇന്ത്യയിലെ ഒരു മധ്യശിലായുഗ കേന്ദ്രം

ഉത്തർപ്രദേശിലെ പ്രതാപ്നഗർ ജില്ലയിൽ ഓക്സ്ബോ തടാകക്കരയിലാണ് സരൈനഹർറായ് സ്ഥിതിചെയ്യുന്നത്. മധ്യശിലായുഗത്തിന്റെ പ്രധാന സവിശേഷതയായ മൈക്രോലിത്തുകൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ നിന്ന് ലഭിച്ച ഉയരമുള്ള മനുഷ്യരുടെ അസ്ഥികൾ വളരെ പ്രധാനപ്പെട്ട പുരാവസ്തുത്തെളിവാണ്. ഇതിൽ പുരുഷന്മാരുടെ ഉയരം 180 സെന്റിമീറ്ററും സ്ത്രീകളുടെ ഉയരം 170 സെന്റിമീറ്ററുമാണ്. വേട്ടയാടലിന് അമ്പും വില്ലും ഉപയോഗിച്ചിരുന്നതായി കരുതുന്നു. വിത്തുകൾ ശേഖരിക്കുകയും സംഭരിക്കുകയും ചെയ്തിരുന്നതിനും മൃഗത്തോലുകൾ വസ്ത്രങ്ങളായി ഉപയോഗിച്ചിരുന്നതിനും തെളിവുണ്ട്.

പ്രാചീനശിലായുഗത്തിലെയും മധ്യശിലായുഗത്തിലെയും മനുഷ്യജീവിതത്തിലെ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

## നവീനശിലായുഗം (Neolithic Age)

മനുഷ്യജീവിതത്തിൽ സമൂലമായ മാറ്റത്തിന് തുടക്കംകുറിച്ച കാലമാണിത്. 'നിയോസ്' (നവീനം), 'ലിത്തോസ്' (ശില) എന്നീ പദങ്ങളിൽ നിന്നുമാണ് 'നിയോലിത്തിക്ക്' എന്ന പദം രൂപംകൊണ്ടത്. *മാൻ മേക്സ് ഹിംസെൽഫ് (മനുഷ്യൻ സ്വയം നിർമ്മിക്കുന്നു)* എന്ന ഗ്രന്ഥത്തിൽ ഗോർഡൻ ചൈൽഡ്, മനുഷ്യജീവിതത്തെ മാറ്റിമറിച്ച നവീനശിലായുഗത്തിലെ രണ്ടു സുപ്രധാനമാറ്റങ്ങളെ സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്:


*മനുഷ്യ സമ്പദ്‌വ്യവസ്ഥയെ ആകെ മാറ്റിമറിച്ച ആദ്യവിപ്ലവം, മനുഷ്യന് തന്റെ ഭക്ഷണലഭ്യതയിന്മേൽ നിയന്ത്രണം നേടിക്കൊടുത്തു. ഭക്ഷ്യയോഗ്യമായ ചെടികളും വേരുകളും വൃക്ഷങ്ങളും തിരഞ്ഞെടുത്ത് നടാനും കൃഷിചെയ്യാനും മെച്ചപ്പെടുത്താനും തുടങ്ങി. തനിക്ക് നൽകാൻ സാധിക്കുന്ന കന്നുകാലിത്തീറ്റയുടെയും കൊടുക്കാൻ കഴിയുന്ന സംരക്ഷണത്തിന്റെയും ചെലുത്താവുന്ന ദീർഘദൃഷ്ടിയുടെയും ഫലമായി, പ്രത്യേക മൃഗങ്ങളെമാത്രം മെരുക്കിയെടുത്ത്, ഇണക്കിനിർത്തുന്നതിൽ മനുഷ്യൻ വിജയിച്ചു. മേല്പറഞ്ഞ രണ്ടുകാര്യങ്ങളും പരസ്പരം ഇഴചേർന്നവയാണ്.*

ഈ വിവരണത്തിൽ നവീനശിലായുഗത്തിലുണ്ടായ ഏതൊക്കെ മാറ്റങ്ങളാണ് പ്രതിപാദിക്കുന്നത്?

- 
- 

ചുറ്റുപാടുകളുമായുള്ള മനുഷ്യന്റെ ഇടപെടലിൽ വന്ന മാറ്റമാണ് ഇതിന് അടിസ്ഥാനമായത്. നവീന ശിലായുഗത്തിൽ പുതിയ ഉപജീവനരീതികൾക്ക് മനുഷ്യർ തുടക്കംകുറിച്ചു. അവ ചുവടെ നൽകുന്നു.

- മൃഗങ്ങളെ ഇണക്കിവളർത്തൽ
- കൃഷിയുടെ ആരംഭം




ഭൂപടം നിരീക്ഷിക്കൂ. ചന്ദ്രക്കലയുടെ ആകൃതിയിൽ രേഖപ്പെടുത്തിയ പ്രദേശം കാണാമല്ലോ. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ പ്രദേശത്താണ് കൃഷിയുടെ ആരംഭമെന്ന് പുരാവസ്തു ഗവേഷകർ പറയുന്നു. 'ഫെർട്ടയിൽ ക്രസന്റ്' (ഫലഭൂയിഷ്ഠമായ ചന്ദ്രക്കല) എന്നാണ് ഈ പ്രദേശത്തെ വിശേഷിപ്പിക്കുന്നത്. ഈ പ്രദേശം ഇന്ന് ഏതൊക്കെ രാജ്യങ്ങളുടെ ഭാഗമാണെന്ന് കണ്ടെത്താമോ?

മൃഗങ്ങളെ ഇണക്കിവളർത്താനും, കൃഷി ആരംഭിക്കുവാനും മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് നമുക്ക് നോക്കാം.

- ജനസംഖ്യാവർധനവ്
- മനുഷ്യാധിവാസകേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർധന
- സങ്കീർണ്ണമായ സാമൂഹികസംഘാടനം
- ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യതക്കുറവ്
- സാങ്കേതികവിദ്യയിൽ വന്ന മാറ്റം

ST-203-2-SOC. SCI-I (M)-9-VOL-1





നവീനശിലായുഗത്തിലെ ഉപകരണങ്ങളുടെ ചിത്രങ്ങളാണ് തന്നിരിക്കുന്നത്. ചിത്രം നിരീക്ഷിച്ച് ഇവയുടെ സവിശേഷതകൾ കണ്ടെത്തുക.

- മിനുസപ്പെടുത്തിയ ഉപകരണങ്ങൾ
- 
- 

ഇത്തരം ഉപകരണങ്ങൾ മണ്ണിൽ കൃഷിചെയ്യാൻ മനുഷ്യർക്ക് സഹായകമായി. മരം മുറിക്കാനും മണ്ണ് ഉഴുതുമറിക്കാനും ഈ ഉപകരണങ്ങൾ അവരെ സഹായിച്ചു. ഇത് മനുഷ്യരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു.


കൃഷിയും കന്നുകാലിവളർത്തലും ഭക്ഷ്യോൽപന്നങ്ങളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കി. തൽഫലമായി സ്ഥിരവാസവും കാർഷികഗ്രാമങ്ങളും വളർന്നുവന്നു. കളിമൺപാത്രനിർമ്മാണവും കളിമണ്ണുകൊണ്ടു നിർമ്മിച്ച ഇഷ്ടികകളുടെ ഉപയോഗവും ധാന്യസംഭരണം സാധ്യമാക്കി. കാർഷിക രംഗത്ത് മിച്ചോൽപാദനം സാധ്യമായതോടെ സമൂഹത്തിലെ ഒരു വിഭാഗം കാർഷികപ്രവർത്തനങ്ങളിൽ നിന്ന് സ്വതന്ത്രരായി. അവർ കളിമൺപാത്ര നിർമ്മാണം, നെയ്ത്ത് തുടങ്ങിയ മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ തുടങ്ങി. അങ്ങനെ സമൂഹം വിവിധ തൊഴിൽവിഭാഗങ്ങൾ ഉൾപ്പെടുന്നതായി മാറി. ഇതോടെ സമൂഹരൂപീകരണത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു. ഇന്ന് നാം കാണുന്ന മനുഷ്യമുന്നേറ്റങ്ങളുടെ അടിസ്ഥാനം നവീനശിലായുഗത്തിലെ ഈ മാറ്റങ്ങളാണ്. ഇത്തരം മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രസിദ്ധ പുരാവസ്തുഗവേഷകനായ ഗോർഡൻ ചൈൽഡ്, ഈ കാലഘട്ടത്തെ 'നവീനശിലായുഗ വിപ്ലവ'മെന്ന് വിശേഷിപ്പിക്കുന്നത്.



മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നവീനശിലായുഗത്തിലെ മാറ്റങ്ങൾ ഒരു ഫ്ലോചാർട്ടായി അവതരിപ്പിക്കുക.

- മൃഗങ്ങളെ ഇണക്കിവളർത്തൽ
- 
- 
- 
- 

ലോകഭൂപടം നിരീക്ഷിച്ച് ചുവടെ തന്നിരിക്കുന്ന നവീനശിലായുഗ കേന്ദ്രങ്ങൾ ഏതൊക്കെ രാജ്യങ്ങളിലാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.




| നവീനശിലായുഗ കേന്ദ്രങ്ങൾ | രാജ്യം |
|---|---|
| ജെറീക്കൊ | ---------------------------------------------- |
| ജാർമൊ | ---------------------------------------------- |
| അലികോഷ് | ---------------------------------------------- |
| മെഹർഗഡ് | ---------------------------------------------- |

## ഇറാഖിലെ ഖുർദിഷ് കുന്നുകളിലെ ജാർമൊ

റോബർട്ട് ജെ ബ്രയിഡ് വുഡാണ് ഖുർദിഷ് കുന്നുകളിലെ (ആധുനിക ഇറാഖ്) ജാർമൊയിൽ പുരാവസ്തുഗവേഷണത്തിന് നേതൃത്വം നൽകിയത്. ജാർമൊയിലെ ജനങ്ങൾ ബാർലിയും രണ്ടുതരം ഗോതമ്പും കൃഷി ചെയ്തിരുന്നു. ആടിനെയും മറ്റുചില മൃഗങ്ങളെയും ഇണക്കി വളർത്തിയതിന്റെ വ്യക്തമായ സൂചനകളുമുണ്ട്. ഇവിടുത്തെ വീടുകൾ ചെറുകുടിലുകളായിരുന്നു. അവർ കളിമണ്ണുകൊണ്ട് മൃഗങ്ങളുടെയും മനുഷ്യരുടെയും രൂപങ്ങൾ നിർമ്മിച്ചിരുന്നു. അവർ നിർമ്മിച്ച മനുഷ്യരൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗർഭിണിയായ സ്ത്രീയുടെ രൂപമാണ്.



### മെഹർഗഢ്: ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ നവീന ശിലായുഗ കേന്ദ്രം

നവീനശിലായുഗത്തിലെ പ്രധാനപ്പെട്ട സവിശേഷതകളായ മൃഗങ്ങളെ ഇണക്കിവളർത്തൽ, കൃഷി എന്നിവയ്ക്ക് തുടക്കം കുറിച്ച പ്രാചീന ഇന്ത്യയിലെ ആദ്യ പ്രദേശമാണ് മെഹർഗഢ് (ഇപ്പോൾ പാകിസ്താനിൽ) എന്ന് പുരാവസ്തുഗവേഷകർ കണക്കാക്കുന്നു. ഈ പ്രദേശത്തെ ബ്രഡ് ബാസ്ക്കറ്റ് ഓഫ് ബലൂചിസ്ഥാൻ (bread basket of Baluchistan) എന്ന് വിളിക്കുന്നു.

വ്യത്യസ്ത ശിലായുഗ കാലഘട്ടങ്ങളെ ചുവടെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കി സാമൂഹ്യശാസ്ത്രക്ലബ്ബിൽ പ്രദർശിപ്പിക്കുക.

- ഉപകരണങ്ങൾ
- ഉപജീവനരീതികൾ
- ആശയവിനിമയം

## ലോഹയുഗം (Metal Age)

ശിലയുടെ സ്ഥാനത്ത് ലോഹങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ മനുഷ്യർ ലോഹയുഗത്തിലേക്ക് പ്രവേശിച്ചു. സാങ്കേതികവിദ്യയിൽ മനുഷ്യർ കൈവരിച്ച പുരോഗതി വ്യക്തമായി പ്രകടമാകുന്ന കാലമാണ് ലോഹയുഗം. മനുഷ്യർ ആദ്യമായി ഉപയോഗിച്ച ലോഹം ചെമ്പായിരുന്നു.

പ്രകൃതിദത്തമായ ചെമ്പിനെ ആയുധങ്ങളും ഉപകരണങ്ങളുമാക്കി മാറ്റുന്ന സാങ്കേതികരീതി ഈ ഘട്ടത്തിൽ മനുഷ്യർ കൈവരിച്ചു. ആദ്യകാല കാർഷികഗ്രാമങ്ങളായ ചാതൽ ഹൊയുക് (തുർക്കി), ചയോനു (വടക്കൻ സിറിയ), അലികോഷ് (ഇറാൻ) എന്നിവിടങ്ങളിൽ നിന്നും ചെമ്പിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ബി.സി.ഇ. 7000 മാണ് ഇതിന്റെ കാലമായി കണക്കാക്കുന്നത്.

ശിലാ ഉപകരണങ്ങളെക്കാൾ ചെമ്പ് ഉപകരണങ്ങൾക്കുള്ള മേന്മകൾ എന്തെല്ലാം?

- അനുയോജ്യമായ ആകൃതിയിലും രൂപത്തിലും മാറ്റാനാകും
- കൂടുതൽ കാലം നിലനിൽക്കും
- 
- 

## താമ്രശിലായുഗം (Chalcolithic Age)

ശിലായുഗത്തെക്കുറിച്ച് നമ്മൾ നേരത്തെ ചർച്ചചെയ്തുവല്ലോ. ചെമ്പ് കൊണ്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ച കാലഘട്ടത്തിലും മനുഷ്യർ ശിലായുധങ്ങൾ ഉപേക്ഷിച്ചില്ല. ശിലാ ഉപകരണങ്ങൾക്കൊപ്പം ചെമ്പ് ഉപകരണങ്ങളും ഉപയോഗിച്ച ഈ കാലത്തെ താമ്രശിലായുഗമെന്നാണ് വിളിക്കുന്നത്. ഇന്ത്യയിൽ രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്ന് താമ്രശിലായുഗത്തിന്റെ നിരവധി അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.



ദൈമാബാദിൽ (മഹാരാഷ്ട്ര) നിന്നും ലഭിച്ച ശവ സംസ്കാരത്തിനുപയോഗിച്ചിരുന്ന കലശങ്ങൾ



നെവാസായിൽ (മഹാരാഷ്ട്ര) നിന്നും ലഭിച്ച കളിമണ്ണിലും ശിലയിലും തീർത്ത കലാനിർമ്മിതികൾ

## വെങ്കലയുഗം (Bronze Age)

*ബി.സി.ഇ 6000 നും 3000 നും ഇടയിൽ മനുഷ്യർ കാളയുടെയും കാറ്റിന്റെയും ശക്തിയെ പ്രയോജനപ്പെടുത്താൻ പഠിച്ചു. കലപ്പയും ചക്രവണ്ടിയും വഞ്ചിയും ഉപയോഗിക്കാൻ തുടങ്ങി. ലോഹസംസ്കരണവിദ്യയും കൂടുതൽ വികാസം നേടി. തൽഫലമായി കൃഷി വ്യാപകമാവുകയും മിച്ചോൽപാദനം സാധ്യമാവുകയും ചെയ്തു. കാർഷികേതര ഉൽപാദനങ്ങൾ ശക്തമാവുകയും മനുഷ്യർ അതിലൂടെ നാഗരികജീവിതത്തിന് സ്വയം സജ്ജമാകുകയും ചെയ്തു.*

ഗോർഡൻ ചൈൽഡ്, *മാൻ മേക്സ് ഹിംസെൽഫ്*
*(മനുഷ്യൻ സ്വയം നിർമ്മിക്കുന്നു)*

### വെങ്കലം (ഓട്) (Bronze)

ചെമ്പും (Copper) വെളുത്തീയവും (Tin) ചേർത്ത് സംസ്കരിച്ചുണ്ടാക്കുന്ന ലോഹസങ്കരമാണ് വെങ്കലം. ചെമ്പിനേക്കാൾ ഉറപ്പു ലഭിക്കുന്ന ലോഹമാണ് വെങ്കലം.

നാഗരികജീവിതത്തിലേക്കുള്ള മനുഷ്യരുടെ കടന്നുവരവിനെക്കുറിച്ചുള്ള വിവരണമാണിത്. ഒരു പ്രദേശത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും പകുതിയിലേറെപ്പേരും കാർഷികേതരപ്രവർത്തനങ്ങളായ വിവിധതരം കൈത്തൊഴിലുകൾ, കരകൗശലപ്രവർത്തനങ്ങൾ, കച്ചവടം തുടങ്ങിയ വയിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നതുമായ സ്ഥിതിവിശേഷമാണ് 'നാഗരികത' എന്ന് വിശേഷിപ്പിക്കുന്നത്. വിശാലമായ വീഥികളും പൊതു കെട്ടിടങ്ങളും മെച്ചപ്പെട്ട സൗകര്യങ്ങളും തിരക്കേറിയ ജീവിതവും വിനോദങ്ങളും നഗരജീവിതത്തിന്റെ സവിശേഷതകളാണ്. 'നാഗരിക' ജീവിതത്തിന് ആരംഭംകുറിച്ചത് വെങ്കലയുഗത്തിലാണെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ?

വെങ്കലയുഗ സംസ്കാരങ്ങൾ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തുക.

- 
- 
- 
- 

വെങ്കലയുഗത്തിൽ ഇന്ത്യയിൽ വികാസം പ്രാപിച്ചതാണ് ഹരപ്പൻസംസ്കാരം. ഹരപ്പ, മോഹൻജൊദാരോ, ലോഥൽ തുടങ്ങിയ നഗരങ്ങൾ, ആസൂത്രിതമായി നിർമ്മിച്ച പൊതുകെട്ടിടങ്ങൾ, വലിയ കുളം (Great Bath), വീടുകൾ, തെരുവീഥികൾ, അഴുക്കുചാലുകൾ, ധാന്യപ്പുരകൾ എന്നിവയും വിവിധതരം കൈത്തൊഴിലുകളുടെയും കച്ചവടത്തിന്റെയും സാന്നിധ്യവും ഇവിടത്തെ നഗരവൽക്കരണത്തെ നമുക്ക് വ്യക്തമാക്കിത്തരുന്നു. അതുകൊണ്ടാണ് ഹരപ്പൻസംസ്കാരത്തെ ഇന്ത്യാചരിത്രത്തിൽ 'ഒന്നാം നഗരവൽക്കരണം' എന്ന് വിശേഷിപ്പിക്കുന്നത്.

### സപ്തസിന്ധുപ്രദേശം

സിന്ധുനദിയും അതിന്റെ പോഷകനദികളും ഉൾപ്പെടുന്ന പ്രദേശമാണ് സപ്തസിന്ധു പ്രദേശം

### ഇൻഡോ - യൂറോപ്യൻ ഭാഷകൾ

സംസ്കൃതം, ലത്തീൻ, ഗ്രീക്ക്, ജർമ്മൻ, ഇംഗ്ലീഷ്, സ്വീഡിഷ്, റഷ്യൻ, പോളിഷ്, ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, റുമാനിയൻ എന്നീ ഭാഷകൾ ഇതിൽ ഉൾപ്പെടുന്നു.

## വേദകാലം (Vedic Age)

ഹരപ്പൻസംസ്കാരത്തിന്റെ തകർച്ചയ്ക്കുശേഷം സപ്തസിന്ധു (ഇന്ത്യയുടെ വടക്ക് - പടിഞ്ഞാറ്) പ്രദേശത്ത് കടന്നുവന്നത് ആര്യന്മാരായിരുന്നു. ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്ന ഭാഷ സംസാരിച്ചിരുന്നവരായിരുന്നു ആര്യന്മാർ. ഭാഷാപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആര്യന്മാരുടെ ജന്മദേശം മധ്യേഷ്യയാണെന്ന് കരുതപ്പെടുന്നു.

വേദങ്ങളിൽ നിന്നുമാണ് ഈ കാലഘട്ടത്തെക്കുറിച്ചുള്ള അറിവുകൾ നമുക്ക് ലഭിക്കുന്നത്. അതിനാൽ ഈ കാലത്തെ വേദകാലമെന്ന് വിളിക്കുന്നു. ബി.സി.ഇ. 1500 നും 600 നും ഇടയിലാണ് വേദകാലം.

വേദകാലത്തെ രണ്ടായി തരംതിരിക്കുന്നു.

വേദ കാലം
- ആദ്യകാല വേദകാലം (ഋഗ്വേദം രചിച്ച കാലം)
- പിൽക്കാല വേദകാലം (യജൂർ, സാമ, അഥർവ വേദങ്ങൾ രചിച്ച കാലം)

ആദ്യകാല വേദകാലത്തിലെയും പിൽക്കാല വേദകാലത്തിലെയും ജനജീവിതത്തെ നമുക്ക് താരതമ്യംചെയ്യാം.

| ആദ്യകാല വേദകാലം | പിൽക്കാല വേദകാലം |
|---|---|
| • സപ്തസിന്ധു പ്രദേശം<br>• ഇടയ സമ്പദ്‌വ്യവസ്ഥ<br>• അർധനാടോടികൾ<br>• സമൂഹത്തിൽ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന സ്ഥാനം<br>• കാട് വെട്ടിത്തെളിച്ചും തീയിട്ടും കൃഷിചെയ്തു<br>• നിരവധി ഗോത്രങ്ങൾ ചേർന്നതായിരുന്നു സമൂഹം<br>• യാഗങ്ങൾ ലളിതവും ഓരോ കുടുംബനാഥനും ചെയ്യാവുന്നവയുമായിരുന്നു<br>• പ്രകൃതിശക്തികളെ ആരാധിച്ചു | • ഗംഗാസമതലം വരെ വ്യാപിച്ചു<br>• കൃഷിക്ക് പ്രധാന്യം നൽകി<br>• സ്ഥിരവാസജീവിതം<br>• സ്ത്രീകളുടെ സാമൂഹികപദവിക്ക് മങ്ങലേറ്റു<br>• ഇരുമ്പിന്റെ ഉപയോഗം<br>• വർണ്ണവ്യവസ്ഥ ശക്തിപ്പെടുന്നു<br>• യാഗങ്ങൾ സങ്കീർണ്ണവും ചെലവേറിയതുമായി. യാഗങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം അധികാരമായി മാറി<br>• പ്രത്യേക ആരാധനാമൂർത്തികൾ രൂപപ്പെടുന്നു<br>• വിവിധ കരകൗശലവിദ്യകളുടെ തുടക്കം |

### വേദസാഹിത്യം

'വേദം' എന്നാൽ അറിവ് (വിദ്) എന്നാണ് അർഥം. വേദങ്ങൾ നാലെണ്ണമാണ്. അവ ഋഗ്വേദം, യജൂർവേദം, സാമവേദം, അഥർവവേദം എന്നിവയാണ്. ഇവയിൽ ഋഗ്വേദമാണ് ആദ്യത്തേത്. നാലുവേദങ്ങൾ കൂടാതെ, അനുബന്ധങ്ങളായി ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയും വേദസാഹിത്യത്തിന്റെ ഭാഗമാണ്. വേദകാലത്തെക്കുറിച്ചുള്ള പഠനത്തിനായുള്ള ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സാണ് വേദസാഹിത്യം.

### വർണ്ണവ്യവസ്ഥ

വർണ്ണങ്ങൾ നാലെണ്ണം ഉണ്ടായിരുന്നു. പൗരോഹിത്യത്തിൽ ഏർപ്പെട്ടവർ ബ്രാഹ്മണരും, രാജ്യഭരണവും സംരക്ഷണവും നടത്തിയവർ ക്ഷത്രിയരും, കൃഷിയിലും കച്ചവടത്തിലും ഏർപ്പെട്ടിരുന്നവർ വൈശ്യരും, ഈ മൂന്ന് വിഭാഗങ്ങൾക്കും ദാസ്യവൃത്തി ചെയ്തിരുന്നവർ ശൂദ്രരും ആയിരുന്നു.

ശിലായുഗത്തിൽ നിന്ന് ലോഹയുഗത്തിലേക്കുള്ള മാറ്റങ്ങൾ സംബന്ധിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

മാനവചരിത്രത്തിന്റെ തുടക്കവും കാലക്രമത്തിലുണ്ടായ വികാസങ്ങളുമാണ് ഈ പാഠഭാഗത്ത് നമ്മൾ കണ്ടത്. കാട്ടിലും ഗുഹകളിലും മരപ്പൊത്തുകളിലും ജീവിച്ച്, പ്രകൃതിയോടും മൃഗങ്ങളോടും പൊരുതി, വിവേകവും ബുദ്ധിശക്തിയും കൊണ്ടു മുന്നോട്ടുള്ള പ്രയാണം തുടങ്ങിയ മനുഷ്യർ തന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായ കണ്ടുപിടുത്തങ്ങളും സൃഷ്ടികളും നടത്തി.

പുരോഗതിയുടെ പാതയിലേറി ഒരു നാഗരികരായി മാറിയ മനുഷ്യർ അവരുടെ തായ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക സംവിധാനങ്ങൾ രൂപപ്പെടുത്തി. ഇന്ന് 21-ാം നൂറ്റാണ്ടിലേക്ക് എത്തിനിൽക്കുമ്പോൾ, മാനവചരിത്രത്തിന്റെ വിവിധ വികാസഘട്ടങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ മനുഷ്യർ എത്രദൂരം മുന്നോട്ടുപോയി എന്ന് നമുക്ക് അറിയുവാനും മനസ്സിലാക്കുവാനും സാധിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

- ആദ്യകാലമനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ചിത്രങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം/ആൽബം തയ്യാറാക്കുക.
- വിവിധ ശിലായുഗഘട്ടങ്ങളിലെ മനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ മാതൃകകൾ നിർമ്മിച്ച് സാമൂഹ്യശാസ്ത്രക്ലാസിൽ പ്രദർശിപ്പിക്കുക.
- മാനവചരിത്രപുരോഗതിയുടെ പ്രധാനമാറ്റങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ അവതരിപ്പിക്കുക.
- ആദ്യകാലമനുഷ്യജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തി അറ്റ്ലസ് നിർമ്മിക്കുക.